# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ഡിസംബർ 5, തിങ്കളാഴ്ച

**നമ്പർ 85**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കുകയുണ്ടായി.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ നിയമസഭാംഗങ്ങളായ പ്രൊഫ. എൻ. എം. ജോസഫ്, കെ. മുഹമ്മദാലി, ആര്യാടൻ മുഹമ്മദ്, കോടിയേരി ബാലകൃഷ്ണൻ, പുനലൂർ മധു, വെങ്ങാനൂർ പി. ഭാസ്കരൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർമാൻമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീമതി യു. പ്രതിഭ
2. ശ്രീമതി സി. കെ. ആശ
3. ശ്രീമതി കെ. കെ. രമ

അടിയന്തരപ്രമേയം :

പി.എസ്.സി.-യും, എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചും മുഖേനയല്ലാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലക്ഷകണക്കിന് ദിവസ വേതന, കരാർ നിയമനങ്ങൾ നടത്തുന്നുവെന്നും അതുമൂലം സംസ്ഥാനത്തെ യുവജനങ്ങൾക്ക് ഉണ്ടായിട്ടുള്ള

ആശങ്കയും അസംതൃപ്തിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

[പ്രതിപക്ഷ നേതാവിന്റെ വാക്ക്ഔട്ട് പ്രസംഗത്തിനിടെ പ്രതിപക്ഷ കക്ഷികളിലെ അംഗങ്ങൾ മുദ്രാവാക്യം മുഴക്കി, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.]

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

പ്രദേശവാസികളുടേയും മത്സ്യത്തൊഴിലാളികളുടേയും ആശങ്കകൾ പരിഹരിച്ച് വിഴിഞ്ഞം തുറമുഖ പദ്ധതിനിർമ്മാണം നേരിടുന്ന തടസ്സം നീക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കടകംപള്ളി സുരേന്ദ്രൻ തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

[കാര്യവിവര പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ് അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.]

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങൾക്കുള്ള മറുപടി മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | രാഷ്ട്രീയ തടവുകാരുടെ ശിക്ഷാ ഇളവ് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | നൈജീരിയയിൽ അകപ്പെട്ട നാവികരുടെ മോചനം | മുഖ്യമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത സ്ഥലമേറ്റെടുക്കൽ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 5 | ശ്രീ. കെ. ജെ. മാക്സി | കോസ്റ്റൽ ഹൈവേ റീച്ച് ഒന്നിലെ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | BM & BC നിലവാരത്തിൽ റോഡുകളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കെ. രാമചന്ദ്രൻ | പുതുക്കാട് കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ.എ.കെ.എം. അഷ്റഫ് | അലൈഡ് ഹെൽത്ത് കോഴ്സ് പാസ്സായവരുടെ രജിസ്ട്രേഷനും തുല്യതാ സർട്ടിഫിക്കറ്റും | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ</u> :

താഴെപറയുന്ന ഓർഡിനൻസ് മേശപ്പുറത്തു വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 15 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 |

<u>നിയമനിർമ്മാണകാര്യം</u> :

(1) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന

പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(2) മുഖ്യമന്ത്രിയ്ക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(3) നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുകയും പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.38-ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, December 5, 2022.*

**No. 85**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

National Anthem was sung before the commencement of the proceedings.

Questions :

Four Questions in the list of Questions posted for the day were answered orally.

Obituary Reference :

The Speaker made reference on the demise of Prof. N. M. Joseph, K. Muhammedali, Aryadan Muhammed, Kodiyeri Balakrishnan, Punalur Madhu and Venganoor P. Bhaskaran former members of the Kerala Legislative Assembly. As a mark of respect to the deceased, the Members stood in silence for a while.

Panel of Chairmen :

The following Members were nominated to the Panel of Chairmen for the current Session of the Assembly.

1. Smt. U. Prathibha.
2. Smt. C. K. Asha.
3. Smt. K. K. Rema.

Adjournment Motion:

After hearing the Minister for Local Self Government, Rural Development and Excise, the Speaker withheld consent to the moving of an adjournment motion given notice of by Shri. P. C. Vishnunadh and five other Members regarding the serious situation reported to have arisen consequent to the anguish and

KNPP.1580/2022.

dissatisfaction of the youth in the State due to the appointment of Lakhs of daily wages and contractual appointments in Government, Semi-Government and Public Sector Institutions disregarding the PSC and Employment Exchanges.

[During the walkout speech of the Leader of Opposition, the Members belonging to the Opposition shouted slogans and tried to disrupt the proceedings.]

Calling Attention :

1. Shri. Kadakampally Surendran called the attention of the Minister for Ports, Museums and Archaeology to the necessity to resolve obstructions faced by the construction work of the Vizhinjam Port Project by addressing the concerns of local residents and fishermen. The Minister made a statement thereto.

[The second notice in the list of business was not moved. The members of the opposition parties continued the protest.]

The Matters under Rule 304:

The answers to the matters, notices for which was given by the Members under Rule 304 were laid on the table;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി.സതീശൻ | രാഷ്ട്രീയ തടവുകാരുടെ ശിക്ഷാ ഇളവ് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | നൈജീരിയയിൽ അകപ്പെട്ട നാവികരുടെ മോചനം | മുഖ്യമന്ത്രി |
| 3 | ഡോ. എൻ. ജയരാജ് | കാഞ്ഞിരപ്പള്ളി കുന്നംഭാഗം സ്പോർട്സ് സ്കൂൾ | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പി. അനിൽ കുമാർ | പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാത സ്ഥലമേറ്റെടുക്കൽ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ജെ. മാക്സി | കോസ്റ്റൽ ഹൈവേ റീച്ച് ഒന്നിലെ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | BM & BC നിലവാരത്തിൽ റോഡുകളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കെ. രാമചന്ദ്രൻ | പുതുക്കാട് കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. എ.കെ.എം. അഷ്റഫ് | അലൈഡ് ഹെൽത്ത് കോഴ്സ് പാസ്സായവരുടെ രജിസ്ട്രേഷനും തുല്യതാ സർട്ടിഫിക്കറ്റും | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

<u>Papers laid on the table</u> :

The following Ordinance was laid on the Table.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 15 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 |

<u>Legislative Business</u> :

(1) Smt. J. Chinchurani, Minister for Animal Husbandry and Dairy Development introduced The Kerala Veterinary and Animal Sciences (Amendment) Bill, 2022 and moved that the Bill be referred to Subject Committee-I. Then the Motion was adopted without any discussion and the Bill was referred to the Subject Committee-I.

(2) Shri. K. N. Balagopal, Minister for Finance on behalf of the Chief Minister introduced The Kerala High Court Services (Determination of Retirement Age) Amendment Bill, 2022 and moved that the Bill be referred to Subject Committee XIV. Then the Motion was adopted without any discussion and the Bill was referred to the Subject Committee XIV.

(3) Shri. P. Rajeeve, Minister for Law, Industries and Coir introduced The Kerala Cashew Factories (Acquisition) Amendment Bill, 2022 and The Kerala Khadi and Village Industries Board (Amendment) Bill, 2022 and moved that the Bills be referred to Subject Committee IV. Then the Motion was adopted without any discussion and the Bills were referred to the Subject Committee IV.

The House adjourned at 11.38 a.m. to meet again at 9.00 a.m on Tuesday December 6, 2022.

A. M. BASHEER,
*Secretary.*